## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## സംയോജിത നീർത്തട പരിപാലന പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 273 — 19.07.2016 ൽ മറുപടി നൽകേണ്ടത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. കെ.എസ്. ശബരീനാഥൻ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ ജനതയുടെ വരുമാന സ്രോതസ്സ് മെച്ചപ്പെടുത്തി ജീവിത നിലവാരം ഉയർത്തുന്നതിന് സംയോജിത നീർത്തട പരിപാലന പദ്ധതി എങ്ങനെയാണ് പ്രയോജന പ്പെടുത്തിയത്; വിശദമാക്കാമോ; | (എ) | സംയോജിത നീർത്തട പരിപാലന പരിപാടിയുടെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്നാണ് ജീവനോപാധി പ്രവർത്തനങ്ങൾ. ഇതിലൂടെ ഗ്രാമീണ ജനതയുടെ തൊഴിലും വരുമാനവും മെച്ചപ്പെടുത്തി അവരുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തുന്നതിന് ലക്ഷ്യ മിടുന്നു. സംയോജിത നീർത്തട പരിപാലന പരിപാടി യുടെ ആകെ പദ്ധതി തുകയുടെ 9%, ദരിദ്ര കുടുംബങ്ങ ളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. നീർത്തട സംരക്ഷണ പ്രവർത്തനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ആ പ്രദേശത്തെ ദരിദ്ര കുടുംബങ്ങൾക്ക് സ്ഥായിയായ തൊഴിലും വരുമാനവും ഉറപ്പുവരുത്തുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത് ; വിശദീകരിക്കാമോ ; | (ബി) | മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പി ക്കുകയും ചെയ്യുക, മണ്ണിന്റെ ഫലപുഷ്ടിശോഷണം തടയുക, ഭൂജലവിതാനം ക്രമാനുഗതമായി ഉയർത്തുക, കാർഷിക, അനുബന്ധ മേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഗ്രാമീണ ജനതയുടെ തൊഴിലും വരുമാനവും മെച്ചപ്പെടുത്തി അവരുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തുക എന്നിവ യാണ് സംയോജിത നീർത്തട പരിപാലന പരിപാടി യുടെ മുഖ്യ ലക്ഷ്യങ്ങൾ. |
| (സി) | പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊ ണ്ടത് ; വിശദമാക്കാമോ ; | (സി) | ബ്ലോക്ക പഞ്ചായത്തുകളാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. പദ്ധതി നിർവ്വഹണത്തിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി സാങ്കേതിക വിദഗ്ധർ അടങ്ങിയ നീർത്തട വികസന ടീം (ഡബ്ല്യൂ.ഡി.റ്റി) രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി പ്രവർത്തനത്തിന് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളെ എങ്ങനെയാണ് ശാക്തീകരിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ കൺവീനറായിട്ടുള്ള വാട്ടർഷെഡ് സെൽ കം ഡാറ്റാ സെന്റർ (ഡബ്ല്യൂ.സി. ഡി.സി) രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല ആസൂത്രണ ത്തിന്റെയും നിർവ്വഹണത്തിന്റെയും മേൽനോട്ടം ജില്ലാ ആസൂത്രണ സമിതിക്കാണ്. ജില്ലാ ആസൂത്രണ സമിതിയെ ഈ പ്രവർത്തനത്തിന് സഹായിക്കു ന്നതിന് ഒരു ജില്ലാതല കോ-ഓർഡിനേഷൻ സമിതി (ഡി.എൽ.സി.സി) രൂപീകരിച്ചിട്ടുണ്ട്. ഈ കോ-ഓർഡിനേഷൻ സമിതിയുടെ ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, മെമ്പർ സെക്രട്ടറി ജില്ലാ കളക്ടറുമാണ്.<br>ബ്ലോക്ക്തലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഭരണപരവും സാങ്കേതികവുമായ സഹായ സംവിധാനങ്ങൾ ഒരുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ബ്ലോക്ക്തല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ മെമ്പർ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയിരിക്കും. പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിനുവേണ്ട സാങ്കേതിക സഹായം നീർത്തട വികസന ടീം (ഡബ്ല്യൂ.ഡി.റ്റി) നൽകുന്നു. ബ്ലോക്ക് ജില്ലാതലങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും വേണ്ടി പദ്ധതിയെ സംബന്ധിച്ച പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**